**വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് കാര്യാലയം**
കട്ടയാട്.പി.ഒ ,വെള്ളമുണ്ട, വയനാട്, പിൻ 670731
**Office Of the Vellamunda Grama Panchayath**
**Kattayad.PO, Vellamunda, Wayanad, Pin 670731**

ഫോൺ, ഓഫീസ് - 04935 230325
പ്രസിഡന്റ് - 9496048304
സെക്രട്ടറി - 9496048305
email.Vellamundagp@gmail.com

SC 2 /9006/2023

20/12/2023

പ്രേഷകൻ
സെക്രട്ടറി
ഗ്രാമ പഞ്ചായത്ത് , വെള്ളമുണ്ട

സ്വീകർത്താവ്
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയം ഭരണ വകുപ്പ്
വയനാട്

വിഷയം : സിറ്റിസൺ അസിസ്റ്റന്റ് വയനാട് ഉപജില്ല - 2- ശ്രീ. അബ്ദുൾ മജീദിന്റെ പരാതി മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : അങ്ങയുടെ 16.12.2023 ലെ കത്ത്

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. അബ്ദുൾ മജീദ് പി സി എന്നവർ നടത്തിയ കെട്ടിട നിർമ്മാണം റോഡതിരിൽ നിന്നും 3 മീറ്റർ ദൂരം പാലിച്ചിട്ടില്ല. കെട്ടിടത്തിന്റെ 2 വശങ്ങളും abut ചെയ്തതായി കാണുന്നു, ആയത് KPR 220 B , KPBR 2019 Rule 26 ലംഘനമാണ്. വില്ലേജ് രേഖകൾ പ്രകാരം അളന്ന് നോക്കുമ്പോൾ 2.75 മീറ്റർ മാത്രമാണ് റോഡിൽ നിന്നും അകലം പാലിച്ചിട്ടുള്ളത് . ആയത് പരിഹരിച്ച് തരുന്ന മുറയ്ക്ക് മാത്രമേ ടിയാന് ഒക്യുപൻസി നൽകാൻ കഴിയുകയുള്ളൂ എന്ന് ബോധിപ്പിക്കുന്നു. പരാതിക്കാരൻ ഓഫീസിനെ സമീപിച്ചിട്ടുണ്ട്. ടിയാനോട് കാര്യങ്ങൾ ബോധ്യപ്പെടുത്തി നൽകിയിട്ടുള്ളതുമാണ്. കൂടാതെ ടിയാന് നൽകിയ മറുപടിയുടെ പകർപ്പ് ഇത് സഹിതം തുടർനടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

For Secretary
Vellamunda Grama Panchayat

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400998/GGGR05/GPO/2023/5356/(2)

വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് ആഫീസ്
വെള്ളമുണ്ട
കട്ടയാട്.പി.ഓ
വയനാട്
Phone No:04935230325
E-mail:vellamundagp@gmail.com

തീയതി : 21/07/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ അബ്ദുള് മജീദ് പി.സി
S/o ചെറിയ മമ്മു പന്നിയങ്കോടൻ കണ്ടത്തുവയൽ , വെള്ളമുണ്ട

സർ,

വിഷയം:- പരാതി പരിഹാരം,പരാതി പരിഹാര കമ്മിറ്റിയുടെ തീരുമാനത്തിൻമേലുള്ള നടപടി

സൂചന - ബഹു . തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ കരുതലും കൈത്താങ്ങും അദാലത്തിൽ നിർദ്ദേശം

വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ വാർഡ് 1 ൽ താങ്കൾ പെർമ്മിറ്റ് കരസ്ഥമാക്കാതെ ക്രമവത്കരണത്തിനായി സമർപ്പിച്ച അപേക്ഷയിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 26 (തൊട്ടടുത്ത ഭൂമിയുടെ ഉടമയുടെ സമ്മതപത്രത്തോടെ ഏതെങ്കിലും ഒരുവശമോ പുറകുവശമോ അല്ലെങ്കിൽ 2 കൂടിയോ ഒരു തെരുവ് ഒഴികെയുള്ള സ്ഥലത്ത് അതിർത്തിയോട് ചേർന്ന് നിർമ്മിക്കാവുന്നതാണ് ) എന്നാൽ താങ്കൾ സമർപ്പിച്ച അപേക്ഷയിൽ മേൽ ചട്ട ലംഘനമുള്ളതായി സ്ഥലപരിശോധന നടത്തിയപ്പോൾ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയതിനാൽ പ്രസ്തുത ചട്ടലംഘനം പരിഹരിച്ച് ഈ ഓഫീസിൽ അറിയിക്കുന്ന മുറയ്ക്ക് ബഹു . തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ കരുതലും കൈത്താങ്ങും അദാലത്തിൽ ലഭിച്ച നിർദ്ദേശ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 220B നിയമ ലംഘനമുള്ളത് ഒന്നുകൂടി പരിശോധിക്കുന്നതിനായി സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400998/GGGR05/GPO/2023/5356/(1)

വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് ആഫീസ്
വെള്ളമുണ്ട
കട്ടയാട്.പി.ഓ
വയനാട്
Phone No:04935230325
E-mail:vellamundagp@gmail.com

തീയതി : 16/08/2023

പ്രേഷകൻ
സെക്രട്ടറി

സ്വീകർത്താവ്

ശ്രീ പി സി അബ്ദുള് മജീദ്
S/o ചെറിയ മമ്മു പന്നിയോടൻ കണ്ടത്തുവയൽ , വെള്ളമുണ്ട 670731

സർ,

വിഷയം:- പരാതി പരിഹാരം,പരാതി പരിഹാര കമ്മിറ്റിയുടെ തീരുമാനത്തിൻമേലുള്ള നടപടി

സൂചന - ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശം.

വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ വാർഡ് 1 ൽ താങ്കൾ പെർമ്മിറ്റ് കരസ്ഥമാക്കാതെ ക്രമവത്കരണത്തിനായി സമർപ്പിച്ച അപേക്ഷയിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 26 (തൊട്ടെടുത്ത ഭൂമിയുടെ ഉടമയുടെ സമ്മതപത്രത്തോടെ ഏതെങ്കിലും ഒരുവശമോ പുറകുവശമോ അല്ലെങ്കിൽ 2 കൂടിയോ ഏത് തെരുവ് ഒഴികെയുള്ള സ്ഥലത്ത് അതിർത്തിയോട് ചേർന്ന് നിർമ്മിക്കാവുന്നതാണ് ) എന്നാൽ താങ്കൾ സമർപ്പിച്ച അപേക്ഷയിൽ മേൽ ചട്ട ലംഘനമുള്ളതായി സ്ഥലപരിശോധന നടത്തിയപ്പോൾ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയതിനാൽ പ്രസ്തുത ചട്ടലംഘനം പരിഹരിച്ച് ഈ ഓഫീസിൽ അറിയിക്കുന്ന മുറയ്ക്ക് സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

Signature Not Verified
Digitally signed by M SHAJAHAN
Date: 2023.08.16 15:18:02 IST
Reason: ILGMS Govt. of kerala

വിശ്വസ്തതയോടെ,

എം ഷാജഹാൻ
ജൂനിയർ സൂപ്രണ്ട്

Docket No. T/72018


തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
വയനാട് സിവിൽ സ്റ്റേഷൻ, നോർത്ത് കൽപ്പറ്റ പിഒ -673122
Email.jdpwayanad@gmail.com
ഫോൺ 04936-202634,202663, തീയതി : 07.2023


ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
വയനാട്.

അബ്ദുൾ മജീദ് പി.സി S/o മമ്മു
പന്നിയോടൻ,
ചെറിയ കണ്ടള്ളവയൽ
വെള്ളമുണ്ട

സർ,

വിഷയം : കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്ത് - സംബന്ധിച്ച്.

സൂചന : 1) താങ്കളുടെ T/72018 ഡോക്കറ്റ് നമ്പറിലുള്ള പരാതി.
2) സെക്രട്ടറി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സമർപ്പിച്ച റിപ്പോർട്ട്.

താങ്കളുടെ പരാതിയിന്മേൽ ബഹു. [illegible] യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന 31/07/2023 തിങ്കളാഴ്ച ഉച്ചയ്ക്ക് 2.00 മണിക്ക് നടത്തിയിരുന്നു. പ്രസ്തുത പരിശോധനയിൽ അസി. എഞ്ചിനീയർ LSGD, വില്ലേജ് ഓഫീസർ വെള്ളമുണ്ട, PWD റോഡ്സ് പടിഞ്ഞാറത്തറ എന്നിവർ പങ്കെടുത്തു. പ്രസ്തുത പരിശോധനയ്ക്ക് ശേഷം LSGD എഞ്ചിനീയർ വില്ലേജ് റെക്കോർഡുകൾ പ്രകാരം പരിശോധിക്കുന്ന സമയത്തും കെട്ടിടവും റോഡും തമ്മിൽ ഒരു സ്ഥലത്ത് 2.75 മീറ്റർ മാത്രമാണ് അകലം പാലിച്ചിരിക്കുന്നത് എന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 26 ന്റെ ലംഘനമുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസി. എഞ്ചിനീയർ PWD റോഡ് ഡിവിഷന്റെ റിപ്പോർട്ട് പ്രകാരം പരാതിക്കാരന്റെ സ്ഥലം ഉൾപ്പെടുന്ന റോഡ് ഭാഗത്ത് നവീകരണ പ്രവർത്തി ഏറ്റെടുത്തിട്ടുള്ളതായും എന്നാൽ വിശദമായ അളവുകൾ ലഭ്യമാകണമെങ്കിൽ പഴയ FMB യുമായി താരതമ്യം ചെയ്യണമെന്നും ആയതിന് കൂടുതൽ സമയം ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ കെട്ടിടം ക്രമവത്ക്കരിക്കാൻ സാധിക്കാത്തതാണ് എന്ന് വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം താങ്കളെ അറിയിക്കുന്നു. പഴയ FMB ലഭ്യമാകുന്ന മുറയ്ക്ക്, അർഹതക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്